15. പത്തനാപുരം
16. തൊടുപുഴ
17. ദേവികുളം
18. ഉടുമ്പഞ്ചോല
19. പീരുമേട്
20. നെയ്യാറിൻകര
21. നെടുമങ്ങാട്.

(ബി) പുതുതായി താലൂക്കുകൾ ഉൾപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതി

* 517 [540] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതിയനുസരിച്ച് ബില്ലുകൾ പാസാക്കി കിട്ടുവാൻ വളരെയേറെ കാലതാമസമുണ്ടാകുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) 1977, 1978 എന്നീ വർഷങ്ങളിൽ ഹെൽത്തു സർവീസ് ഡയറക്ടറാഫീസിൽ 'കൗണ്ടർ സൈൻ' ചെയ്യുവാൻ ഇത്തരം എത്ര ബില്ലുകൾ വീതം ലഭിക്കുകയുണ്ടായി?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) വിലമടക്കികൊടുക്കാവുന്ന മരുന്നുകളുടെ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്നുകളുടെ 'ബ്രാൻഡ്' നാമം കൂടി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. മെഡിക്കൽ റീഇംബേഴ്സ്മെൻറ് ബില്ലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി, ഡയറക്ടറാഫീസിൽ മൂന്നു ക്ലാർക്കുമാരുടെ തസ്തിക കൂടി അനുവദിച്ചിട്ടുണ്ട്.

(സി) 1977-ൽ 4,572 ബില്ലുകളും 1978-ൽ 14,015 ബില്ലുകളും കിട്ടിയിട്ടുണ്ട്.

പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽനിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന നിർദ്ദേശം

* 518 [543] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) സഹകാര്യമേഖലയിലെ അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ഈ ആനുകൂല്യം ഈ വിഭാഗം ജീവനക്കാർക്കും അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly